File No.LSGD-DB1/319/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന ഉത്തരവ്- നിബന്ധനയിൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Ms)No.121/2019/LSGD തീയതി,തിരുവനന്തപുരം, 30/09/2019

പരാമർശം:- 1 16.07.2019ലെ സ.ഉ (കൈ) നം.92/2019/ത.സ്വ.ഭ.വ ഉത്തരവ്.

2 ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20.08.2019ലെ ലൈഫ് മിഷൻ സംസ്ഥാന തല ഉന്നതാധികാര സമിതി യോഗ തീരുമാനത്തിന്റെ മിനിട് സ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20-08-2019 തീയതിയിലെ എൽ.എം3/2019/ലൈഫ് നമ്പർ കുറിപ്പ്.

ഉത്തരവ്

ഭൂരഹിത ഭവന രഹിതരായി കണ്ടെത്തിയ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടത്തി പട്ടിക അന്തിമമാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.പ്രസ്തുത ഉത്തരവിൽ ഗുണഭോക്തൃ അർഹതാ പരിശോധന എന്ന വിഭാഗത്തിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള " സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം " അർഹതാ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിബന്ധന പരാമർശം (2)ലെ ലൈഫ് മിഷൻ സംസ്ഥാന തല ഉന്നതാധികാര സമിതി യോഗ തീരുമാനപ്രകാരം " സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം " മതിയെന്ന് ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചതായും പരമ്പരാഗതമായി ഭൂമി കിട്ടാനുള്ള സാധ്യത ഇല്ലായെന്നുള്ള സത്യ പ്രസ്താവന ഗുണ ഭോക്താവ് പരിശോധന സമയത്ത് സമർപ്പിക്കേണ്ടതാണെന്നുള്ള വ്യവസ്ഥ കൂടി ഉൾ പ്പെടുത്തി പരാമർശം(1) ഉത്തരവിലെ ടി നിബന്ധന ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3)പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിയ്ക്കുകയുണ്ടായി. പരാമർശം (2)ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ നാലാമത്തെ വ്യവസ്ഥയിലെ സ്വന്തമായോ/കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു/ പരാമ്പരാഗതമായി ഭൂമി കൈമാറി കിട്ടാനോ ഉള്ള സാധ്യത ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കണമെന്ന നിബന്ധനയ്ക്കു പകരം "ഗുണഭോക്താവിന് സ്വന്തമായോ / കുടുംബാംഗങ്ങളുടെ പേരിലോ നിലവിൽ വസ്തു ഇല്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രവും പരമ്പരാഗതമായി ഭൂമി കൈമാറികിട്ടാനുള്ള സാധ്യത ഇല്ലായെന്നുള്ള ഗുണഭോക്താവിന്റെ സത്യ പ്രസ്താവനയും" എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു .

3. മേൽ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ലൈഫ് മിഷൻ,തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംബർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

File No.LSGD-DB1/319/2019-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.